**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 89** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ഉല്ലാസ് കോവൂർ

ശ്രീ. വിഷ്ണു മോഹൻ

ശ്രീ. വി. കുഞ്ഞികൃഷ്ണൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ

(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കുന്നതിന് നിലവിലുണ്ടായിരുന്ന ഡിവിഷൻതല പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് ലാൻഡ്സ്കേപ്പ് അടിസ്ഥാനത്തിൽ മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിലേക്കായി സംസ്ഥാനത്തെ പതിനാല് ലാൻഡ്സ്കേപ്പുകളായി തിരിച്ച് ഓരോ ലാൻഡ്സ്കേപ്പിനും അനുയോജ്യമായി കണ്ടെയിൻമെന്റ്, മിറ്റിഗേഷൻ, കോമ്പൻസേഷൻ ഫ്രെയിംവർക്കിൽ (Containment, Mitigation, Compensation – CMC Framework) ഊന്നിയുള്ള ത്രിതല പ്രവർത്തനങ്ങളാണ് സ്വീകരിച്ചുവരുന്നത്.

**(ബി)** പ്രസ്തുത സംഘർഷം പ്രതിരോധിക്കുന്നതിനുള്ള നിയമതടസ്സങ്ങൾ നീക്കുവാൻ അവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് നിലവിലുള്ള മനുഷ്യ-വന്യജീവി സംഘർഷ ലഘൂകരണവും ആയതുമായി ബന്ധപ്പെട്ട നിലവിലെ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുമായി 1972 ലെ വന്യജീവി (സംരക്ഷണം) കേന്ദ്ര നിയമത്തിലും ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിലും (Guidelines), മാനക പ്രവർത്തന നടപടികളിലും (Standard Operating Procedures – SOP) വേണ്ട മാറ്റം ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

**(സി)** മനുഷ്യ-വന്യജീവി സംഘർഷം അതിരൂക്ഷമായി അനുഭവപ്പെടുന്ന മേഖലകൾക്കായി പ്രത്യേക പാക്കേജ് പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**<u>മറുപടി:</u>** മനുഷ്യ-വന്യജീവി സംഘർഷം അതിരൂക്ഷമായി അനുഭവപ്പെടുന്ന മേഖലകൾക്കായി പ്രത്യേക പാക്കേജ് സർക്കാരിന്റെ പരിഗണനയിലുള്ളതാകുന്നു. അതിരൂക്ഷ മനുഷ്യ-വന്യജീവി സംഘർഷം അനുഭവപ്പെടുന്ന വയനാട്, കോതമംഗലം, മൂന്നാർ എന്നീ മേഖലകൾക്കായി പ്രത്യേക പാക്കേജ് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**